27 സെപ്റ്റംബർ 2018

# പ്രതിധ്വനി

കുടുംബശ്രീ വാർത്താ പത്രിക

Govt. Of Kerala

ലക്കം: 015


## പദ്ധതികളുടെ മികവുറ്റ നടപ്പാക്കൽ:

# കുടുംബശ്രീക്ക് ഏഴ് സ്കൊച്ച് (SKOCH) അവാർഡ്

കേന്ദ്ര സംസ്ഥാന പദ്ധതികൾ മികച്ച രീതിയിൽ നടപ്പാക്കിയതിന് കുടുംബശ്രീയ്ക്ക് 2018 ലെ ഏഴ് സ്കൊച്ച് (SKOCH) അവാർഡുകൾ ലഭിച്ചു. സംസ്ഥാനത്ത് ഏറ്റവും ഫലപ്രദവും മാതൃകാപരവുമായ രീതിയിൽ പദ്ധതികൾ നടപ്പാക്കിയതിനാണ് അവാർഡ്.

കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജനയ്ക്ക് (ഡി.ഡി.യു.ജി.കെ.വൈ) ബ്രോൺസ് അവാർഡും ഓഡർ ഓഫ് മെറിറ്റ് അംഗീകാരവും ലഭിച്ചു. അമൃതം ന്യൂട്രിമിക്സ്, കുടുംബശ്രീ സ്കൂൾ, വിമൻ കൺസ്ട്രക്ഷൻ ടീം, ഹോം ഷോപ്പ്, ഫെസിലിറ്റി മാനേജ്മെന്റ് സെന്റർ (കൊച്ചി മെട്രോ) എന്നീ കുടുംബശ്രീ പദ്ധതികൾ ഓഡർ ഓഫ് മെറിറ്റ് ബഹുമതി സ്വന്തമാക്കി.

അസാധാരണായ നേതൃപാടവം വഴി പദ്ധതി നിർവഹണത്തിലും സമൂഹത്തിലും ഗുണപരമായ ചലനങ്ങൾ സൃഷ്ടിക്കാനും അതിലൂടെ സാമ്പത്തിക സാമൂഹിക രംഗത്ത് ക്രിയാത്മകമായ മാറ്റങ്ങൾ കൊണ്ടുവരാനും സാധിച്ചതിനാണ് കുടുംബശ്രീക്ക് അവാർഡ്. ഡൽഹിയിൽ റാഫി മാർഗിൽ കോൺസ്റ്റിറ്റ്യൂഷൻ ക്ളബ് ഓഫ് ഇന്ത്യയിൽ നടന്ന ചടങ്ങിൽ കുടുംബശ്രീ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ജയൻ കെ.ആർ, അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ നിഷാന്ത് ജി.എസ് എന്നിവർ സ്കൊച്ച് ചെയർമാൻ സമീർ കൊച്ചറിൽ നിന്നും അവാർഡുകൾ സ്വീകരിച്ചു.




സ്കൊച്ച് ചെയർമാൻ സമീർ കൊച്ചറിൽ നിന്നും കുടുംബശ്രീ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ജയൻ.കെ.ആർ ബ്രോൺസ് അവാർഡ് സ്വീകരിക്കുന്നു.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ, തദ്ദേശ സ്വയം ഭരണം സ്ഥാപനങ്ങൾ, നഗരസഭകൾ, ജില്ലാ ഭരണകൂടം എന്നിവടങ്ങളിൽ നിന്നെല്ലാം സ്കൊച്ച് അവാർഡിനായി എൻട്രികൾ ക്ഷണിച്ചിരുന്നു. ഇതു പ്രകാരം ആദ്യഘട്ടത്തിൽ പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ രേഖപ്പെടുത്തി. അതിൽ നിന്നും മികവുറ്റ രീതിയിൽ നടപ്പാക്കുന്ന പദ്ധതികളെയാണ് രണ്ടാം ഘട്ടത്തിൽ ജൂറി പാനലിനു മുമ്പാകെ അവതരണത്തിനായി തിരഞ്ഞെടുത്തത്.

ഈ രണ്ടു ഘട്ടങ്ങളിലും വിജയിച്ച പദ്ധതികൾക്കായി വോട്ടു രേഖപ്പെടുത്തുന്നതിനുള്ള അവസരം പൊതുജനങ്ങൾക്ക് നൽകിയിരുന്നു. ഇപ്രകാരം വിവിധ ഘട്ടങ്ങളിലെ മികവിന്റെയും വോട്ടിന്റെയും അടിസ്ഥാനത്തിലാണ് കുടുംബശ്രീക്ക് അവാർഡ് നൽകിയത്.

ഭരണ നിർവഹണം, ഫിനാൻസ്, ബാങ്കിങ്ങ്, ടെക്നോളജി, കോർപ്പറേറ്റ് സിറ്റിസൺഷിപ്, ഇക്കണോമിക്സ് എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രശംസനീയമായ മാതൃകകൾ കാഴ്ചവയ്ക്കുന്ന സ്ഥാപനങ്ങൾക്കാണ് സ്കൊച്ച് അവാർഡ് നൽകുന്നത്.

# കുടുംബശ്രീ ഇനി ഉത്തർപ്രദേശിലും

സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം മുൻനിർത്തി വർത്തിക്കുന്ന കുടുംബശ്രീ മാതൃക പകർത്താൻ ഉത്തർപ്രദേശും. കുടുംബശ്രീ എൻആർഒയ്ക്ക് (നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ) വേണ്ടി എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ, ഉത്തർപ്രദേശ് സംസ്ഥാന ഗ്രാമീണ ഉപജീവന ദൗത്യവുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. ഉത്തർപ്രദേശിൽ പഞ്ചായത്തീ രാജ് സംവിധാനങ്ങളും (പിആർഐ- പഞ്ചായത്തീ രാജ് ഇൻസ്റ്റിറ്റ്യൂഷ ൻസ്) സാമൂഹ്യ സംഘടനാ സംവിധാനങ്ങളും (സിബിഒ- കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേ ഷൻസ്) സംയോജിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും സാങ്കേതിക സഹായവും കുടുംബശ്രീ എൻആർഒ നൽകും. കുടുംബശ്രീ എൻആർഒയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്ന 16ാം സംസ്ഥാനമാണ് ഉത്തർപ്രദേശ്. രാജസ്ഥാൻ, ഗുജറാത്ത്, മഹാരാഷ്ട്ര, കർണ്ണാടക, ഗോവ, മധ്യപ്രദേശ്, ബീഹാർ, സിക്കിം, അസം, മണിപ്പൂർ, ത്രിപുര, ഒഡീഷ, ഝാർഖണ്ഡ്, ഛത്തീസ്ഗഢ്, ആന്ധ്ര പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലുമാണ് ഇപ്പോൾ കുടുംബശ്രീ എൻആർഒ പ്രവർത്തിക്കുന്നത്.

ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന് (എൻആർഎൽഎം) കീഴിൽ വിവിധ സംസ്ഥാനങ്ങളിൽ നടന്നുവരുന്ന സംസ്ഥാന ഗ്രാമീണ ഉപജീവന ദൗത്യങ്ങൾക്ക് (എസ്ആർഎൽഎം) പൂർണ്ണ പിന്തുണയും സഹായവും നൽകുന്നതിനായുള്ള നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ (എൻആർഒ) അംഗീകാരം 2012ലാണ് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം കുടുംബശ്രീയ്ക്ക് നൽകുന്നത്.

ഇത് പ്രകാരം എസ്ആർഎൽഎമ്മുകളുമായി കരാറിലെത്തി അവർക്ക് വേണ്ട എല്ലാവിധ പിന്തുണയും കുടുംബശ്രീ നൽകിവരുന്നു. സാമൂഹ്യാധിഷ്ഠിത സംവിധാനങ്ങൾ വഴി സൂക്ഷ്മ സംരംഭ വികസനത്തിനായുള്ള പ്രവർത്തനങ്ങളും കുടുംബശ്രീ എൻആർഒ നടത്തുന്നു. എംഇസിമാർ (മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്) വഴി സൂക്ഷ്മ സംരംഭങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക, സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് (എസ്വിഇപി) എന്നീ പ്രവർത്തനങ്ങളാണ് ഇതിലുൾപ്പെടുന്നത്.

ഉത്തർപ്രദേശിൽ പദ്ധതി നടപ്പാക്കുന്നതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ സെപ്റ്റംബർ അഞ്ച്, ആറ് ദിവസങ്ങളിൽ സംസ്ഥാന ഗ്രാമീണ ഉപജീവന ദൗത്യത്തിലെ ജില്ലാതല ഓഫീസർമാർക്കും ഉദ്യോഗസ്ഥർക്കും ലഖ്നൗവിൽ ശിൽപ്പശാല നടത്തി. ബ്ലോക്ക് അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കാനുള്ള തീരുമാനവും കൈക്കൊണ്ടു. ഇതനുസരിച്ചാണ് വാരണസി, ഗൊരഖ്പുർ, സുൽത്താൻപുർ, മിർ സാപുർ, ബഹ്റൈഖ്, ബസ്തി, ബന്ദ, ഫത്തേപുർ, ഛന്ദൗലി, സൊൻഭദ്ര എന്നീ പത്ത് ജില്ലകളിൽ ആദ്യ ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചത്.

നിലവിൽ പഞ്ചായത്തീ രാജ് സംവിധാനങ്ങളും സാമൂഹ്യ സംഘടനാ സംവിധാനങ്ങളും സംയോജിപ്പിക്കുന്നതിനുള്ള കുടുംബശ്രീ എൻആർഒ പ്രവർത്തനങ്ങൾ അസം, ഝാർഖണ്ഡ്, മണിപ്പൂർ, രാജസ്ഥാൻ, ത്രിപുര, ഛത്തീസ്ഗഢ്, മിസോറാം എന്നീ സംസ്ഥാനങ്ങളിലാണ് നടക്കുന്നത്. ഝാർഖണ്ഡിലെ പത്ത് ജില്ലകളിലും അസമിലെ ഒമ്പത് ജില്ലകളിലും മണിപ്പൂരിലെ ആറ് ജില്ലകളിലും ഛത്തീസ്ഗഢിലെ അഞ്ച് ജില്ലകളിലും രാജസ്ഥാനിലെയും ത്രിപുരയിലെയും മൂന്ന് ജില്ലകളിൽ വീതവും മിസോറാമിലെ ഒരു ജില്ലയിലുമാണ് കുടുംബശ്രീ എൻആർഒ പ്രവർത്തിച്ചുവരുന്നത്.



# കാരുണ്യത്തിന്റെ കരുതലൊരുക്കി ബഡ്സ് സ്ഥാപനങ്ങളും

പ്രളയദുരിതങ്ങൾ ഏറെ അനുഭവിക്കേണ്ടി വന്നിട്ടും നാടിന്റെ നൻമയ്ക്കായി കാരുണ്യത്തിന്റെ കരുതലൊരുക്കുകയാണ് കുടുംബശ്രീ ബഡ്സ് പുനരധിവാസ കേന്ദ്രങ്ങളിലെ (ബി.ആർ.സി) അധ്യാപകരും അനധ്യാപകരും. സംസ്ഥാനത്തെ 114 ബഡ്സ് പുനരധിവാസ കേന്ദ്രങ്ങളിലെയും അധ്യാപകരുടെയും അനധ്യാപകരുടെയും കൂട്ടായ്മയിലെ ഇരുനൂറ്റി എഴുപത്തഞ്ചോളം അംഗങ്ങളാണ് തങ്ങളുടെ നഷ്ടങ്ങൾ മറന്ന് കേരളത്തിന്റെ പുന:സൃഷ്ടിക്കായി കൈകോർത്തത്. ഈ കൂട്ടായ്മയിലെ അംഗങ്ങളായ ഷീജാ ബീഗം, അംബികാ കുമാരി, വിനീത, ശാന്തി എന്നിവർ ഒരു ലക്ഷം രൂപയുടെ ചെക്ക് കഴിഞ്ഞ വെള്ളിയാഴ്ച (14-9-2018) വ്യവസായ വകുപ്പ് മന്ത്രി ഇ.പി.ജയരാജന് കൈമാറി. പ്രളയദുരന്തത്തിൽ ഏറെ കഷ്ടതകൾ അനുഭവിക്കേണ്ടി വന്നിട്ടും തങ്ങളാലാകുന്ന സഹായം നൽകാൻ ഇവർ മുന്നോട്ടു വരികയായിരുന്നു.

മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്ക് പകൽപരിപാലനവും സംരക്ഷണവും നൽകുന്നതാണ് കുടുംബശ്രീയുടെ ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾ (ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ) അഥവാ ബി.ആർ.സി. കേരളത്തിന്റെ പുന:സൃഷ്ടിക്കായി എല്ലാവരും സ്വയം മുന്നോട്ടു വരുന്ന അവസരത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തങ്ങൾക്കാവുന്ന സംഭാവന നൽകണമെന്ന ആഗ്രഹത്തെ തുടർന്നാണ് ഇവരെല്ലാവരും ഒരേ മനസോടെ ഇതിനായി മുന്നിട്ടിറങ്ങിയത്. തുടർന്ന് ഇവരെല്ലാം ചേർന്ന് ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ഒരു ലക്ഷം രൂപ സമാഹരിക്കുകയായിരുന്നു. ഇതിൽ പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ എല്ലാ ബി.ആർ.സി സ്ഥാപനങ്ങളും പ്രളയത്തിൽ മുങ്ങിപ്പോയവയാണ്. ഇവിടങ്ങളിലെ അധ്യാപകരുടെയും അനധ്യാപരുടെയും വീടുകളിലും വെള്ളം കയറി നിരവധി നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. ബഡ്സ് സ്ഥാപനങ്ങളിലെ അധ്യാപകരിൽ തന്നെ പലർക്കും മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉള്ളവരാണ്. ഈ കുട്ടികളും ബി.ആർ.സിയിലെ അന്തേവാസികളാണ്. മിക്ക ബി.ആർ.സി സ്ഥാപനങ്ങളിലും വെള്ളപ്പൊക്കത്തിന്റെ രൂക്ഷത അനുഭവിക്കേണ്ടി വന്നിരുന്നെങ്കിലും അത് കണക്കിലെടുക്കാതെ അവിടുത്ത അധ്യാപകർ എല്ലാവരും തങ്ങളുടെ സംഭാവനകൾ നൽകാൻ സ്വയം മുന്നോട്ടു വരികയായിരുന്നു.

മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന 2834 കുട്ടികളാണ് ഈ സ്ഥാപനങ്ങളിലുള്ളത്. അപ്രതീക്ഷിതമായെത്തിയ പ്രളയക്കെടുതിയിൽ ഈ സ്ഥാപനങ്ങളും അവരുടെ വീടുകളും വെള്ളത്തിനടിയിലായതോടെ അധ്യാപകരും രക്ഷകർത്താക്കളും ഏറെ പ്രയാസങ്ങൾ നേരിട്ടാണ് ഇവരെ വിവിധ ദുരിതാശ്വാസ കേന്ദ്രങ്ങളിലേക്ക് മാറ്റി പാർപ്പിച്ചത്. പ്രളയം തകർത്ത കേരളത്തിനു കൈത്താങ്ങാകാൻ കഴിയുന്നതിന്റെ സന്തോഷത്തിലാണ് ബി.എർ.സിയിലെ അധ്യാപകർ.

അഗതിരഹിത കേരളം

10

## പദ്ധതി പ്രവർത്തന പുരോഗതി:

# കൊല്ലം ജില്ല

കൊല്ലം ജില്ലയുടെ അഗതിരഹിതകേരളം പദ്ധതി പ്രവർത്തന പുരോഗതിയാണ് ഈ ലക്കത്തിൽ വിവരിക്കുന്നത്. ജില്ലയിൽ 31542 കുടുംബങ്ങളുടെ മൊബൈൽ സർവേയാണ് പൂർത്തീകരിച്ചത്. ഇതിൽ 16253 കുടുംബങ്ങളെ ഗുണഭോക്താക്കളായി ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 8704 കുടുംബങ്ങൾ മുൻ ആശ്രയ പദ്ധതി ഗുണഭോക്താക്കളും 7549 കുടുംബങ്ങൾ പുതുതായി ചേർക്കപ്പെട്ടവരുമാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചു വന്ന ഗുണഭോക്തൃ പട്ടിക പ്രകാരം, 222 കുടുംബങ്ങൾ പട്ടിക വർഗ്ഗ വിഭാഗത്തിലുൾപ്പെടുന്നവരാണ്. കൊല്ലം ജില്ലയുടെ പ്രവർത്തന പുരോഗതി പട്ടികയിൽ ചേർത്തിരിക്കുന്നു.

| പ്രവർത്തന പുരോഗതി | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| അപ്പീൽ പുന: പരിശോധന കഴിഞ്ഞവ | 73 |
| പ്രത്യേക ഗ്രാമസഭ കഴിഞ്ഞവ | 61 |
| ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയവ | 46 |
| ആരോഗ്യ ക്യാമ്പ് നടത്തിയവ | 43 |
| പ്രോജക്ടുകൾ തയ്യാറായവ | 2 |

**അടുത്തലക്കം: പത്തനംതിട്ട ജില്ലയുടെ പുരോഗതി**
കൂടുതൽ വിവരങ്ങൾക്ക് : **dfk.ksm@gmail.com**


Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Ramlath.P.
Associate Editors: Asha S. Panicker, Chaithanya. G, Manjary Asok. Design: Arun S, Publicity: Sreebal. B. S, E-mail: prteamkshreeho@gmail.com